# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4560 — 21/3/2018-ൽ മറുപടിക്ക്

### ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസ് പുതുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ നിർമാണവുമായി ബന്ധപ്പെട്ട് SP7,25D ലൈസൻസുകൾ പുതുക്കി നൽകാത്തതു കാരണം ആയുർവേദ ഔഷധ നിർമാണം പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) SP7, 25 D ലൈസൻസുകൾ പുതുക്കി നൽകാത്തതു കാരണം ആയുർവേദ ഔഷധശാലകളിലും ആശുപത്രികളിലും അതിരൂക്ഷമായ ഔഷധക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) SP7, 25D ലൈസൻസുകൾ പുതുക്കി നൽകാത്തതുകാരണം ആയുർവേദ ഔഷധശാലകളിലും ആശുപത്രികളിലും ഔഷധ ക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ SP7, 25 D മുതലായ ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസുകൾ പുതുക്കി നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത ലൈസൻസുകൾ എന്നുമുതൽ അനുവദിച്ചുനൽകും എന്നുള്ള കാര്യം വിശദീകരിക്കുമോ? | സി) SP. VII ലൈസൻസ് പുതുക്കി നൽകുന്നത് എക്സൈസ് വകുപ്പാണ്. എന്നാൽ നിയമ പ്രാബല്യമുള്ള 25 ഡി ലൈസൻസുള്ള ആയുർവേദ ഔഷധ നിർമ്മാതാക്കൾക്കു മാത്രമേ SP.VII ലൈസൻസ് പുതുക്കി നൽകാറുള്ളൂ. 25 ഡി ലൈസൻസ് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് പുതുക്കി നൽകേണ്ടത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ആയുർവേദ ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് കേസ് നടന്നു വരികയാണ്. കേസിന്റെ അന്തിമ തീരുമാനം ആകാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ലൈസൻസികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഏറ്റവും സീനിയറായ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന് ലൈസൻസിംഗ് അതോറിറ്റിയുടെ ചുമതല നൽകിയെങ്കിലും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് ടി സർക്കാർ |

➡

ഉത്തരവ് പിൻവലിക്കേണ്ടി വന്നു. അതിനാൽ ലൈസൻസിംഗ് അതോറിറ്റി നിയമനം നടത്തുവാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ലൈസൻസിംഗ് അതോറിറ്റിയെ നിയമിച്ച് ലൈസൻസുകൾ പുതുക്കുവാനും പുതിയ ലൈസൻസുകൾ അനുവദിച്ചു നൽകുവാനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**